## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2301 — 10/10/2011-ൽ മറുപടിക്ക്

### സുപ്രീം കോടതിവിധി പ്രകാരം ഭൂമി വിതരണം നടത്തുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എ. കെ. ബാലൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. ആർ. സെൽവരാജ് | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സുപ്രീം കോടതിവിധി പ്രകാരം ആദിവാസികൾക്ക് വിതരണം നടത്തുന്നതിനായി എത്ര ഹെക്ടർ വനഭൂമി ലഭ്യമായിട്ടുണ്ടെന്നും ഏതെല്ലാം ജില്ലകളിലാണ് ഇപ്രകാരം ഭൂമി കണ്ടെത്തിയിട്ടുള്ളത് എന്നും വ്യക്തമാക്കുമോ ; | എ | വിവരം ശേഖരിച്ച് വരുന്നു. |
| ബി | 2011 മേയ് മാസത്തിനുശേഷം പുതുതായി കണ്ടെത്തിയ ഭൂമിയിൽ ഇതിനകം എത്ര ആദിവാസികൾക്ക് എത്ര ഹെക്ടർ ഭൂമി നൽകുകയുണ്ടായി; | ബി | 2011 മേയ് മാസത്തിനു ശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന പുതുതായി ഭൂമിയൊന്നും കണ്ടെത്തിയിട്ടില്ല. |
| സി | ഭൂരഹിത ആദിവാസികൾ എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇവർക്കെല്ലാം നൽകാൻ ആവശ്യമായ മൊത്തം ഭൂമി എത്ര; ; ആയതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ? | സി | ഉണ്ട്. 10917 ഭൂരഹിത ആദിവാസി കുടുംബങ്ങളുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവർക്കെല്ലാം ഒരേക്കർ വീതം ഭൂമി നൽകുകയാണെങ്കിൽ 10917 ഏക്കർ ഭൂമി ആവശ്യമുണ്ട്. സർക്കാരിൽ ലഭ്യമായ റവന്യൂ ഭൂമി, മിച്ച ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി തുടങ്ങിയവ സമയബന്ധിതമായി വിതരണം നടത്തുന്നതിനും ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും, സംസ്ഥാനത്തെ പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്കും ഭൂമി വിലക്ക് വാങ്ങി/അക്വയർ ചെയ്ത് വിതരണം നടത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. ഇതു കൂടാതെ സുപ്രീം കോടതിയിൽ ഇക്കാര്യത്തിൽ നിലവിലുള്ള കേസ് തീരുന്ന മുറക്ക് നിക്ഷിപ്ത വനഭൂമി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം നടത്തുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ